# ത്വാഗൂത്തിനോട് വിധിതേടൽ

അല്ലാഹുﷻ പറഞ്ഞു: .

﴿ أَلَمْ تَرَ إِلَى ٱلَّذِينَ يَزْعُمُونَ أَنَّهُمْ ءَامَنُوا۟ بِمَآ أُنزِلَ إِلَيْكَ وَمَآ أُنزِلَ مِن قَبْلِكَ يُرِيدُونَ أَن يَتَحَاكَمُوٓا۟ إِلَى ٱلطَّٰغُوتِ وَقَدْ أُمِرُوٓا۟ أَن يَكْفُرُوا۟ بِهِۦ وَيُرِيدُ ٱلشَّيْطَٰنُ أَن يُضِلَّهُمْ ضَلَٰلًۢا بَعِيدًا ﴿٦٠﴾ وَإِذَا قِيلَ لَهُمْ تَعَالَوْا۟ إِلَىٰ مَآ أَنزَلَ ٱللَّهُ وَإِلَى ٱلرَّسُولِ رَأَيْتَ ٱلْمُنَٰفِقِينَ يَصُدُّونَ عَنكَ صُدُودًا ﴿٦١﴾ فَكَيْفَ إِذَآ أَصَٰبَتْهُم مُّصِيبَةٌۢ بِمَا قَدَّمَتْ أَيْدِيهِمْ ثُمَّ جَآءُوكَ يَحْلِفُونَ بِٱللَّهِ إِنْ أَرَدْنَآ إِلَّآ إِحْسَٰنًا وَتَوْفِيقًا ﴾

(നിനക്ക് അവതരിക്കപ്പെട്ടതിലും നിനക്ക് മുമ്പ് അവതരിക്കപ്പെട്ടതിലും തങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് ജൽപ്പിക്കുന്ന ഒരു കൂട്ടരെ നീ കണ്ടില്ലേ? ദുർമൂർത്തികളുടെ അടുത്തേക്ക് വിധി തേടിപ്പോകുവാനാണ് അവരുദ്ദേശിക്കുന്നത്. വാസ്തവത്തിൽ ദുർമൂർത്തികളെ അവിശ്വസിക്കുവാനാണ് അവർ കൽപിക്കപ്പെട്ടിട്ടുള്ളത്. പിശാച് അവരെ ബഹുദൂരം വഴിതെറ്റിക്കുവാനുദ്ദേശിക്കുകയാണ്. അല്ലാഹു അവതരിപ്പിച്ചതിലേക്കും (അവന്റെ) ദൂതനിലേക്കും നിങ്ങൾ വരൂ എന്ന് അവരോട് പറയപ്പെട്ടാൽ ആ കപടവിശ്വാസികൾ നിന്നെ വിട്ട് പാടെ പിന്തിരിഞ്ഞുപോകുന്നത് നിനക്ക് കാണാം. എന്നാൽ സ്വന്തം കൈകൾ ചെയ്തുവെച്ചതിന്റെ ഫലമായി അവർക്ക് വല്ല ആപത്തും ബാധിക്കുകയും, അനന്തരം അവർ നിന്റെ അടുത്തുവന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് ഞങ്ങൾ നന്മയും അനുരഞ്ജനവുമല്ലാതെ മറ്റൊന്നും ഉദ്ദേശിച്ചിരുന്നില്ല എന്ന് പറയുകയും ചെയ്യുമ്പോഴുള്ള സ്ഥിതി എങ്ങനെയായിരിക്കും?) (വി.ക്വു. 4: 60,61,62)

അല്ലാഹുﷻ പറഞ്ഞു:

﴿ وَإِذَا قِيلَ لَهُمْ لَا تُفْسِدُوا۟ فِى ٱلْأَرْضِ قَالُوٓا۟ إِنَّمَا نَحْنُ مُصْلِحُونَ ﴾

(നിങ്ങൾ നാട്ടിൽ കുഴപ്പമുണ്ടാക്കാതിരിക്കൂ എന്ന് ആരെങ്കിലും അവരോട് പറഞ്ഞാൽ, ഞങ്ങൾ സൽപ്രവർത്തനങ്ങൾമാത്രമാണല്ലോ ചെയ്യുന്നത് എന്നായിരിക്കും അവരുടെ മറുപടി.)
(വി.ഖു.2:11)

അല്ലാഹു ﷻ പറഞ്ഞു:

﴿ وَلَا تُفۡسِدُواْ فِي ٱلۡأَرۡضِ بَعۡدَ إِصۡلَٰحِهَا ﴾

(ഭൂമിയിൽ നന്മ വരുത്തിയതിനു ശേഷം നിങ്ങളവിടെ നാശമുണ്ടാക്കരുത്........... ) (വി.ഖു. 7: 56)

അല്ലാഹു ﷻ പറഞ്ഞു:

﴿ أَفَحُكۡمَ ٱلۡجَٰهِلِيَّةِ يَبۡغُونَۚ وَمَنۡ أَحۡسَنُ مِنَ ٱللَّهِ حُكۡمٗا لِّقَوۡمٖ يُوقِنُونَ ﴾

(ജാഹിലിയ്യത്തിന്റെ (അനിസ്‌ലാമിക മാർഗ്ഗത്തിന്റെ) വിധിയാണോ അവർ തേടുന്നത്? ദൃഢവിശ്വാസികളായ ജനങ്ങൾക്ക് അല്ലാഹുവേക്കാൾ നല്ല വിധികർത്താവ് ആരാണുള്ളത്? ) (വി.ഖു. 5: 50)

അബ്ദുല്ലാഹ് ഇബ്നു അംറ് ﷺ വിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«لاَ يُؤْمِنُ أَحَدُكُم حتى يَكونَ هواهُ تَبَعًا لما جِئْتُ بِهِ». قال النووي: حديث صحيح، رويناه في كتاب (الحجة)، بإسناد صحيح.

''നിങ്ങളിലൊരാളും വിശ്വാസിയാവുകയില്ല; ഞാൻ കൊണ്ടുവന്ന രീതിയിൽ തന്റെ ഇച്ഛ ആകുന്നതുവരെ.....'' ഇമാം നവവി ﷺ പറഞ്ഞു: ''ഇത് സ്വഹീഹായ ഹദീഥാകുന്നു.''[1]

ഇമാം ശഅ്ബി ﷺ പറഞ്ഞു: ''കപടവിശ്വാസികളിൽപ്പെട്ട ഒരാൾക്കും ജൂതനുമിടയിൽ ഒരു തർക്കമുണ്ടായിരുന്നു. അപ്പോൾ ജൂതൻ പറഞ്ഞു; 'നമുക്ക് മുഹമ്മദിനോട് വിധിതേടാം; യഹൂദന് അറിയാമായിരുന്നു പ്രവാചകൻ ﷺ കൈക്കൂലി വാങ്ങുകയില്ലെന്ന്. അപ്പോൾ കപടവിശ്വാസി പറഞ്ഞു; നമുക്കൊരു യഹൂദനോട് വിധി

[1] ഇമാം ഇബ്നു റജബും, അൽബാനിയും ഹദീഥിനെ 'ദ്വഈഫ് ' ആക്കിയിരിക്കുന്നു.

തേടാം; കപടവിശ്വാസിക്കറിയാമായിരുന്നു ജൂതൻ കൈക്കൂലി വാങ്ങുമെന്ന്. അങ്ങനെ അവർ രണ്ടുപേരും ജുഹൈനയിലുള്ള ഒരു പുരോഹിതന്റെയടുത്ത് ചെല്ലാമെന്നും പുരോഹിതനോട് വിധി തേടാമെന്നുമുള്ള കാര്യത്തിൽ യോജിപ്പിലായി. അപ്പോഴാണ് സൂറത്തുന്നിസാഇലെ (നിനക്ക് അവതരിക്കപ്പെട്ടതിലും നിനക്ക് മുമ്പ് അവതരിക്കപ്പെട്ടതിലും തങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് ജൽപ്പിക്കുന്ന ഒരു കൂട്ടരെ നീ ക ില്ലേ?.....) 60ാം വചനം ഇറങ്ങിയത്.[1]

പരസ്പരം തർക്കിക്കുന്ന രണ്ടുപേരുടെ വിഷയത്തിലാണ് ഈ വചനം ഇറങ്ങിയതെന്നും പറയപ്പെട്ടിട്ടുണ്ട്. അതിലൊരാൾ പറഞ്ഞു: നമുക്ക് മുഹമ്മദ്ﷺയിലേക്ക് വിധി തേടാം. മറ്റെയാൾ പറഞ്ഞു: (യഹൂദൻ) കഅ്ബു ഇബ്നു അശ്റഫിനോട് വിധി തേടാം. അങ്ങനെയവർ ഉമർ ഇബ്നുൽ ഖത്വാബ്ﷺവിനോട് വിധിതേടി പോയി. തർക്കിക്കുന്നവരിലൊരാൾ അദ്ദേഹത്തിനോട് സംഭവം വിശദീകരിച്ചു കൊടുത്തു. അങ്ങനെ ഉമർﷺ, റസൂൽﷺയുടെ വിധി തൃപ്തിപ്പെടാത്ത യാളോട് ചോദിച്ചു: അങ്ങനെയാണോ? അയാൾ പറഞ്ഞു: അതെ. അപ്പോൾ ഉമർﷺ തന്റെ വാളുകൊണ്ട് അയാളെ വെട്ടിക്കൊന്നു.[2]

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- സൂറത്ത് നിസാഇലെ ആയത്തിന്റെ തഫ്സീർ, പ്രസ്തുത ആയത്തിൽ ത്വാഗൂത്തിനെ മനസ്സിലാക്കുവാനുള്ള സഹായം.
- സൂറത്ത് ബഖ്വറയിലെ ആയത്തിന്റെ തഫ്സീർ.
- സൂറത്ത് അഅ്റാഫിലെ ആയത്തിന്റെ തഫ്സീർ.
- (ജാഹിലിയ്യത്തിന്റെ (അനിസ്‌ലാമിക മാർഗ്ഗത്തിന്റെ) വിധിയാണോ അവർ തേടുന്നത്?) (വി.ക്വു 5:50) എന്നതിന്റെ തഫ്സീർ.
- ഒന്നാമത്തെ ആയത്തിന്റെ വിഷയത്തിൽ ഇമാം ശഅ്ബിﷺ പറഞ്ഞത്.

---

[1] തഫ്സീറു ഇബ്നി ജരീർ. ഇബ്നു ഹജർ പറഞ്ഞു: ഇസ്ഹാക് ഇബ്നു റാഹവയ്ഹി 'സ്വഹീഹാ'യ സനദോടുകൂടി ഈ ഹദീഥിനെ തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയിരിക്കുന്നു.

[2] ഇബ്നു ഹജർ പറഞ്ഞു: ഇബ്നു അബ്ബാസ്ﷺവിൽ നിന്നും രിവായത്ത് ചെയ്യപ്പെടുന്ന ഈ അഥറിന്റെ സനദ് ദുർബലമാണെങ്കിലും ഇമാം മുജാഹിദിൽ നിന്നുള്ള മറ്റൊരു റിപ്പോർട്ടിനാൽ ഇത് ശക്തിപ്പെടുന്നു.

- സത്യസന്ധമായ ഈമാനിന്റേയും, വ്യാജമായ ഈമാനിന്റേയും വിവരണം.
- കപടവിശ്വാസിയുമായുള്ള ഉമർﷺവിന്റെ സംഭവം.
- അല്ലാഹുവിന്റെ റസൂൽﷺ കൊണ്ടുവന്ന രീതിയിൽ തന്റെ ഇച്ഛ ആകുന്നതുവരെ ഒരാൾക്കും ഈമാൻ ലഭിക്കുകയില്ല എന്ന കാര്യം.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**